**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2917 12-10-2011-ലെ മറുപടിക്ക്

**കേന്ദ്ര അംഗീകാരം ലഭിച്ച കുട്ടനാട് പാക്കേജിലെ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്<br><br>ശ്രീ. ജി. സുധാകരൻ<br><br>,, ആർ. രാജേഷ്<br><br>,, എ.എം. ആരിഫ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടനാട് പാക്കേജിൽ കേന്ദ്ര അംഗീകാരം ലഭിച്ച ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചത് ? | (എ) | കുട്ടനാട് പാക്കേജിൻ കീഴിൽ കേന്ദ്ര അംഗീകാരം ലഭിച്ച താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>1. ജലസേചന വകുപ്പ് മുഖേന പുറംബണ്ട് നിർമ്മാണം/ബലപ്പെടുത്തൽ, റാണി ചിത്തിര കായലുകളിലെ നീരൊഴുക്ക് സുഗമമാക്കൽ<br>2. കൃഷി വകുപ്പ് മുഖേന അത്യുൽപാദന നെല്ലിനങ്ങളുടെ ഉല്പാദനം, വിതരണം, അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കുക, അപ്പർ കുട്ടനാട്ടിലെ തെങ്ങ് കൃഷി, കാർഷിക യന്ത്രങ്ങളുടെ ലഭ്യമാക്കൽ.<br>3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന കുട്ടനാട്ടിലെ ഹോർട്ടികൾച്ചർ വികസനം.<br>4. മൃഗസംരക്ഷണ വകുപ്പ് മുഖേന കുട്ടനാട്ടിൽ മുന്തിയ ഇനം പശുക്കളുടെ വിതരണം.<br>5. വനം വകുപ്പ് മുഖേന വേമ്പനാട് കായൽ കരയിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുക.<br>6. മത്സ്യബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഒരു നെല്ല് ഒരു മീൻ പദ്ധതി, മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനായി ഹാച്ചറികൾ സ്ഥാപിക്കൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൂട്ടിലെ മത്സ്യകൃഷി. |

സെക്ഷൻ ഓഫീസർ